**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **07-06-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി കോർട്ട് കോംപ്ലസിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2016-17-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 150 കോടി രൂപ പ്രഖ്യാപിച്ചതുമായ കടുത്തുരുത്തി കോർട്ട് കോംപ്ലസിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി സ.ഉ(കൈ) നം.79/2016/ ആഭ്യന്തരം തീയതി 02.03.2016 പ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കി യിട്ടുണ്ട്. കോടതികളെ പ്രാധാന്യമനുസരിച്ച് മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പരിഗണിക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം മുൻഗണനാ ലിസ്റ്റിൽ നിന്നും MACT കാസർഗോഡ്, മുൻസിഫ് മജിസ്ട്രേറ്റ് കോടതി അട്ടപ്പാടി എന്നിവ മാത്രമേ ഇതു വരെ തുടങ്ങുവാൻ സാധിച്ചിട്ടുള്ളൂ. മുൻഗണനാലിസ്റ്റിൽ 52-ാം മതായിട്ടാണ് കടുത്തുരുത്തി മുൻസിഫ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുള്ളത്. പുതിയ കോടതി അനുവദിക്കുന്നമുറയ്ക്ക് മുൻഗണനാക്രമത്തിൽ മാത്രമേ കോർട്ട് കോംപ്ലക്സ് നിർമ്മാണം പരിശോധിക്കുവാൻ നിർവ്വാഹമുള്ളൂ. |
| (ബി) | ഇപ്പോൾ ആഭ്യന്തര വകുപ്പിലുള്ള 97480/സി 5/ ആഭ്യന്തരം/2014 ഫയലിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | 14.06.2016 ലെ 97480/സി5/2014/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ശ്രീ.മോൻസ് ജോസഫ് എം.എൽ.എ യ്ക്ക് മറുപടി നൽകിയശേഷം 97480/ സി5/2014/ആഭ്യന്തരം നമ്പർ ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്. |
| (സി) | കിഫ്ബി വഴി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഡി.പി.ആർ തയ്യാറായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഡി. പി. ആർ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ